**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1024** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>താനൂർ നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റി സെന്റർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യവിപണന രംഗത്ത് കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ മത്സ്യബന്ധന വകുപ്പും വ്യവസായ വകുപ്പും പരസ്പരം കൈകോർക്കുന്ന പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** നിലവിൽ മത്സ്യ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സംരംഭകർക്ക് രജിസ്ട്രേഷൻ, പലിശ കുറഞ്ഞ വായ്പ, തുടങ്ങിയവ മാത്രമാണ് വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നത്. വ്യവസായ വകുപ്പിന് കീഴിൽ മത്സ്യ വിപണനത്തെ സഹായിക്കുന്നതിന് തനത് പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.

**(ബി)** വ്യവസായവകുപ്പിന് കീഴിൽ മത്സ്യവിപണനത്തെ സഹായിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** താനൂർ നിയോജകമണ്ഡലത്തിൽ മത്സ്യവിപണി ലക്ഷ്യമാക്കി വ്യവസായ വകുപ്പിന് കീഴിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് അപേക്ഷകരുണ്ടെങ്കിൽ പരിഗണിക്കാമോ?

**<u>മറുപടി:</u>** താനൂർ നിയോജകമണ്ഡലത്തിൽ മത്സ്യവിപണിയുടെ പുരോഗതിക്കായി വ്യവസായ വകുപ്പിൽ കീഴിൽ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല.

**സെക്ഷൻ ഓഫീസർ**